(ബി) ഇത്തരം ഒരു പദ്ധതി ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(സി) അനാഥ കുട്ടികളുടെ ജീവിതം, വിദ്യാഭ്യാസം, സുരക്ഷ, ഭാവി എന്നിവയെ സംബന്ധിച്ച് ആവശ്യമുയർത്താൻ നിലവിൽ വകുപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം പ്രശ്നങ്ങളിൽ നടപടി ആവശ്യപ്പെട്ട് വകുപ്പിന് കീഴിലെ ഓഫീസുകളിൽനിന്ന് റിപ്പോർട്ടുകളോ നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുള്ള കത്തുകളോ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രത്യേക പദ്ധതികളൊന്നും തന്നെ നിലവിലില്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി) ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട് ഈ വകുപ്പിന് നടപടികൾ സ്വീകരിക്കുവാൻ കഴിയും. 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയിലും പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും പ്രവേശനം നൽകി പഠന സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തുന്നതിന് വകുപ്പിന് സാധിക്കും.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികജാതി വികസന വകുപ്പിനുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി

277 (974) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യഥാസമയം ഫണ്ട് ലഭിക്കാത്തതിനാൽ പട്ടികജാതി വികസന വകുപ്പിന് ജില്ലാതല പരിശീലന പരിപാടികളും പദ്ധതികളും നടത്താൻ സാധിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രത്യേക കേന്ദ്ര സഹായപദ്ധതി പ്രകാരമുള്ള തുക ട്രഷറിയിൽ കിടക്കുമ്പോൾ ആയത് യഥാസമയം ലഭ്യമാക്കാൻ കഴിയാതിരുന്ന സാഹചര്യം എന്തായിരുന്നു ; വിശദമാക്കാമോ ;

(സി) പരിശീലന പരിപാടികൾക്ക് പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം 2014-15-ൽ ലഭിച്ച തുക എത്രയായിരുന്നു ; അതിൽ ഇതിനകം ചെലവഴിച്ചിട്ടുള്ളതെത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2014-15 വർഷത്തെ പ്രത്യേക കേന്ദ്രസഹായ പദ്ധതി പ്രകാരമുള്ള ഫണ്ട് 2225-01-793-99-05-1 water charges എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയത് കാരണം ജില്ലാ കളക്ടർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിട്ടുള്ള പദ്ധതികൾക്ക് ട്രഷറിയിൽ നിന്ന് തുക പിൻവലിക്കാൻ കഴിയാത്ത സാഹചര്യം വരികയും ആ പ്രശ്നം Re-appropriation മുഖേന പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകാത്ത സാഹചര്യം നിലവിൽ ഇല്ല.

(സി) നടപ്പു സാമ്പത്തിക വർഷം എസ്.സി.എ. റ്റു. എസ്.സി.എസ്.പി പദ്ധതിയിൽ പരിശീലന പരിപാടികൾക്കും വരുമാനദായക പദ്ധതികൾക്കുമായി ആകെ 22 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുകയിൽ വിവിധ പരിശീലന പരിപാടികൾ ജില്ലാതലത്തിൽ നടപ്പാക്കുന്നതിനായി അനുവദിച്ച തുകയുടെയും ജില്ലകൾ നാളിതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി വികസന ഓഫീസർമാരുടെ ഒഴിവുകൾ

278 (975) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ബ്ലോക്കുകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പട്ടികജാതി വികസന ഓഫീസർക്ക് കീഴിൽ ക്ലാർക്ക്, പ്യൂൺ തസ്തികകൾ എത്ര ബ്ലോക്കുകളിൽ നിലവിലുണ്ടെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly